**D 73008** (Pages : 2) Name.................................

Reg. No.................................

# FIRST SEMESTER B.Com./B.B.A. DEGREE EXAMINATION
## NOVEMBER 2019

(CUCBCSS–UG)

Malayalam

MAL 1A 01 (1)—MALAYALA SAHITHYA PADANAM – I

(2017 Admissions)

Time : Three Hours Maximum : 80 Marks

I. എല്ലാ ചോദ്യത്തിനും ഒറ്റവാക്കിൽ ഉത്തരമെഴുതുക :

1 ‘വിമല’ എന്ന കഥാപാത്രത്തിന്റെ മാനസിക വ്യാപാരത്തിലൂടെ വികസിക്കുന്ന എം.ടി.യുടെ നോവൽ ഏത് ?

2 ഒരു വിവർത്തിത കൃതിയിൽ നിന്ന് മറ്റൊരു ഭാഷയിലേക്ക് വിവർത്തനം ചെയ്യുന്നതിനെ വിളിക്കുന്നതെന്ത് ?

3 ഒരു പൂ വിരിയുംപോലെ സ്വാഭാവികമായ ഒരു പ്രക്രിയമായി സുഗതകുമാരി പറയുന്നതെന്തിനെ ?

4 ‘ആമസോണും കുറേ വ്യാകുലതകളും’ എന്ന കൃതി ഏതു സാഹിത്യവിഭാഗത്തിൽ പെടുന്നു ?

5 ‘കിഴവനും കടലും’ ആരുടെ കൃതിയാണ് ?

6 ലഭ്യമായതിൽ വെച്ചേറ്റവും പുരാതനമായ വിവർത്തനമേത് ?

7 ‘കാപ്പിരികളുടെ നാട്ടിൽ’ ആരുടെ കൃതിയാണ് ?

8 ‘ഒരാളെത്തേടി ഒരാൾ’ എന്ന നോവൽ രചിച്ചതാര് ?

9 എസ്.കെ. പൊറ്റക്കാടിന് ജ്ഞാനപീഠം അവാർഡ് നേടിക്കൊടുത്ത കൃതിയേത് ?

10 ‘തിയറി ആന്റ് പ്രാക്ടീസ് ഓഫ് ഹെൽ’ എന്ന കൃതി രചിച്ചതാര് ?

(10 × ½ = 5 marks)

II. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക :

11 നന്ദനെക്കുറിച്ച് സർക്കസ് മാനേജറുടെ അഭിപ്രായമെന്ത് ?

12 ഒരു വിവർത്തനത്തെ ‘വിവർത്തന പുനഃസൃഷ്ടി’ എന്നു വിളിക്കാവുന്നതെപ്പോൾ ?

13 തന്റെ എഴുത്തിന്റെ അടിസ്ഥാനപ്രേരണ എവിടെ നിന്നെന്നാണ് എം.ടി. തിരിച്ചറിയുന്നത് ?

14 നാസിപ്പടയാളികളെ ഹിറ്റ്ലർ തനിക്കനുകൂലമാക്കിയതെങ്ങനെ ?

15 “ഇത്തരമൊരു നല്ല കാര്യത്തിന് ഔദ്യോഗികസംവിധാനം ദുരുപയോഗപ്പെടുത്തുന്നതിൽ എന്താണ് തെറ്റ് ” ? ആരാണ് ഇങ്ങനെ പറഞ്ഞത് ? എന്താണ് സാഹചര്യം ?

(5 × 2 = 10 marks)

Turn over

III. നൂറ്റമ്പത് വാക്യത്തിൽ കവിയാതെ ഏതെങ്കിലും **അഞ്ചു** ചോദ്യത്തിന് ഉത്തരമെഴുതുക :

16 വാണിജ്യ ശാസ്ത്ര വിവർത്തനത്തിന്റെ പ്രാധാന്യമെന്ത് ?

17 "സ്കൂളെന്താ കമ്പനിയാ ലാഭമുണ്ടാക്കാൻ" ? മാളവിക ഇങ്ങനെ ചോദിക്കാൻ കാരണം എന്ത് ?

18 'സുഡാൻ ചരിത്രം' എന്ന കത്തിലൂടെ പൊറ്റക്കാട് വിവരിക്കുന്നതെന്ത് ?

19 "സാഹിത്യത്തിൽ എഴുത്തുകാരൻ പ്രശ്നമല്ല. എഴുത്തേ പ്രശ്നമാവുന്നുള്ളൂ". എം.ടി. ഈ അഭിപ്രായം വിശദമാക്കുന്നതെങ്ങനെ ?

20 'കാളിയമർദ്ദനം' എന്ന കവിതയുടെ രചനാനുഭവത്തെ കവി വിശദീകരിക്കുന്നതെങ്ങനെ ?

21 ഹിറ്റ്ലറുടെ ആത്മഹത്യക്കു ശേഷവും ഫാസിസവും നാസിസവും ഏതെല്ലാം രീതിയിൽ ഉയർത്തെഴുന്നേൽക്കുന്നു എന്നാണ് വീരേന്ദ്രകുമാർ പറയുന്നത് ?

22 വിവർത്തകന്റെ യോഗ്യതകളെന്തെല്ലാം ?

(5 × 5 = 25 marks)

IV. മുന്നൂറ് വാക്കിൽ കവിയാതെ ഉത്തരമെഴുതുക (**നാലെണ്ണത്തിനു** മാത്രം) :

23 'എന്തിനെഴുതുന്നു' എന്ന ചോദ്യത്തിന് എം.ടി. നൽകുന്ന വിശദീകരണങ്ങളേവ ?

24 ഫാസിസത്തിന്റെ മന:ശാസ്ത്രത്തെക്കുറിച്ച് എം.പി. വീരേന്ദ്രകുമാറിന്റെ നിഗമനങ്ങളെന്ത് ?

25 മാതൃകാ വിവർത്തനത്തിനു വേണ്ട ഗുണങ്ങളെന്തെല്ലാം ?

26 "ആരൊക്കെയോ പറഞ്ഞതും പറയാൻ ശ്രമിച്ചതും പറയാൻ പോകുന്നതുമായ കാര്യങ്ങൾ തന്റേതായ രീതിയിൽ ആവിഷ്കരിക്കുകയാണ് ഞാൻ ചെയ്യുന്നത്.'' സുഗതകുമാരിയുടെ ഈ നിരീക്ഷണം വിശദമാക്കുക.

27 വർത്തമാന ജീവിതദുരന്തങ്ങളും മനുഷ്യരുടെ സ്വാർഥതയും വ്യാമോഹങ്ങളും 'കാണുന്നതല്ല കാഴ്ചകൾ' എന്ന നോവൽ ആവിഷ്കരിക്കുന്നതെങ്ങനെ ?

28 സ്ഥലകാലങ്ങളിലൂടെ സഞ്ചരിക്കുന്ന അനുഭവം വായനക്കാരിലുണ്ടാക്കാൻ 'കെയ്റോ കത്തുകൾ'ക്ക് സാധിക്കുന്നുണ്ട്. വിശദമാക്കുക.

(4 × 10 = 40 marks)